**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 18** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമാറ്റച്ചട്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് മന്ത്രിമാർക്ക് പെരുമാറ്റചട്ടം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇതുപ്രകാരം മുഖ്യമന്ത്രിയോ മന്ത്രിമാരോ വ്യക്തികൾ,സംഘടനകൾ എന്നിവയിൽ നിന്നും സൗജന്യങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്താമോ;

**<u>മറുപടി:</u>** കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേന്ദ്ര-സംസ്ഥാന മന്ത്രിമാർക്ക് ബാധകമാക്കിയ പരിഷ്കരിച്ച പെരുമാറ്റച്ചട്ടങ്ങൾ 14.02.2014-ലെ സ.ഉ.(കൈ) നം. 38/2014/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ മന്ത്രിമാർക്കും ബാധകമാക്കിയിട്ടുണ്ട്. നിലവിലുള്ള പെരുമാറ്റച്ചട്ടങ്ങൾ എല്ലാ മന്ത്രിമാർക്കും ബാധകമാണ്.

**(ബി)** മുഖ്യമന്ത്രിയുടെ ഔദ്യോഗികവും അനൗദ്യോഗികവുമായ യാത്രാ ചെലവുകൾ നിയമപരമായി നിർവ്വഹിക്കുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും തുക ചെലവഴിച്ചാണോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക യാത്രാ ചെലവുകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുമാണ് വഹിക്കുന്നത്.

**(സി)** മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ യാത്ര, താമസം, ഭക്ഷണം എന്നിവയുടെ ചെലവുകൾ വ്യക്തികൾക്കോ സംഘടനകൾക്കോ സ്പോൺസർ ചെയ്യാൻ നിയമപരമായി വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** മന്ത്രിമാരുടെ ഔദ്യോഗിക യാത്രകളിലെ താമസം സംബന്ധിച്ച് പെരുമാറ്റച്ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്.

**(ഡി)** മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ഔദ്യോഗിക യാത്രാ ചെലവുകൾ സ്പോൺസർ ചെയ്യുന്ന വ്യക്തികൾ, സംഘടനകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി വയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(ഇ)** മുഖ്യമന്ത്രിയുടെ യാത്രയ്ക്ക് സൗജന്യമായി വിമാനം നൽകുവാനും മറ്റ് സജ്ജീകരണങ്ങൾ ഏർപ്പെടുത്താനും അഭ്യുദയകാംക്ഷികൾ തയ്യാറാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**